"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - സാങ്കേതികം - കീം 2022-23 - പ്രോസ്പെക്ടസ് ഭേദഗതി ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.667/2022/HEDN    തീയതി,തിരുവനന്തപുരം, 10-05-2022

---

പരാമർശം:-

1 21.06.2021 ലെ സ.ഉ.(കൈ)നം.08/2021/പി.വി.വ സർക്കാർ ഉത്തരവ്
2. 29.02.2022 ലെ സ.ഉ.(കൈ)നം.01/2022/പി.വി.വ നമ്പർ സർക്കാർ ഉത്തരവ്
3. 25.03.2022 ലെ സ.ഉ.(കൈ)നം.170/2022/ഉവിവ നമ്പർ ഉത്തരവ്.
4. 19.04.2022 ലെ സിഇഇ/26/2022-റ്റിഎ2 നമ്പർ പ്രവേശന പരീക്ഷാ കമ്മീഷണറുടെ കത്ത്

**ഉത്തരവ്**

പരാമർശം (3) ഉത്തരവ് പ്രകാരം 2022-23 അധ്യയന വർഷത്തേയ്ക്കുള്ള കീം പ്രോസ്പെക്ടസ് അംഗീകരിച്ച് ഉത്തരവായിരുന്നു. 2020-21, 2021-22 അദ്ധ്യയന വർഷങ്ങളിൽ കൗൺസിൽ ഓഫ് ആർക്കിടെക്ചർ (CoA) വ്യവസ്ഥ ചെയ്തിരുന്ന അക്കാദമിക്ക് യോഗ്യതയാണ് ബി .ആർക്ക് കോഴ്സിനുള്ള അക്കാദമിക യോഗ്യതയായി 2022-23 ലെ കീം പ്രോസ്പെക്ടസിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കോവിഡ് 19 ന്റെ പശ്ചാത്തലത്തിലാണ് കൗൺസിൽ ഓഫ് ആർക്കിടെക്ചർ യോഗ്യതയിൽ ഇളവ് നൽകിയിരുന്നത്. ആയതിനാൽ കൗൺസിൽ ഓഫ് ആർക്കിടെക്ചർ 2020 ലെ റെഗുലേഷൻ പ്രകാരം നിശ്ചയിച്ചിരിക്കുന്ന, താഴെ പറയുന്ന വ്യവസ്ഥ ബി.ആർക്ക് കോഴ്സിനുള്ള അക്കാദമിക യോഗ്യതയായി 2022 മുതൽ പരിഗണിക്കാവുന്നതാണ് എന്ന് പരാമർശ കത്ത് പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

2. 2022-23 കീം പ്രോസ്പെക്ടസിലെ ക്ലോസ് 6.2.3 (a) ലെ ബി.ആർക്ക് കോഴ്സിലേക്കുള്ള പ്രവേശനത്തിനുള്ള അക്കാദമിക യോഗ്യത താഴെ ചേർക്കും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

*"No candidiate shall be admitted to Architecture course unless he has passed an examination at the end of the 10+2 scheme of examination with at least 50 per cent. aggregate marks in Physics, Chemistry and Mathematics and also at least 50 per cent. marks in aggregate of the 10+2 level examination or passed 10+3 Diploma Examination with Mathematics as compulsory subject with at least 50 percent marks in aggregate".*

3. പരാമർശം (2) ഉത്തരവ് പ്രകാരം SIUC) ഒഴികെ ക്രിസ്തുമത വിഭാഗത്തിൽ ഉൾപ്പെടുന്ന നാടാർ സമുദായങ്ങളെ (Nadar belonging to Christian religious denominations

other than the SIUC) സംസ്ഥാനത്തെ ഒ.ബി.സി പട്ടികയിൽ ഉൾപ്പെടുത്തി സംവരണ ആനുകൂല്യം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പരാമർശം (1) ഉത്തരവ് പ്രകാരം പ്രസ്തുത വിഭാഗത്തെ എസ്.ഇ.ബി.സി പട്ടികയിൽ 'Other Backward Christian' എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ എസ്.ഐ.യു.സി (SIUC) ഒഴികെയുള്ള ക്രിസ്തുമത വിഭാഗത്തിലുള്ള സമുദായത്തെ (Nadar belonging to Christian religious denominations other than the SIUC) 2022-23 കീം പ്രോസ്പെക്ടസ് അനക്സർ XI ൽ Other Backward Christian' എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി ഭേദഗതി വരുത്താവുന്നതാണ് എന്ന് പരാമർശ കത്ത് പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. എസ്.ഐ.യു.സി (SIUC) ഒഴികെയുള്ള ക്രിസ്തുമത വിഭാഗത്തിലുള്ള സമുദായത്തെ (Nadar belonging to Christian religious denominations other than the SIUC) 2022-23 കിം പ്രോസ്പെക്ടസ് അനക്സർ XI ൽ Other Backward Christian' എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി 2022-23 കീം പ്രോസ്പെക്ടസിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. മേൽ ഭേദഗതികളോടെ പരാമർശം (3) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH M
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്:

പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ആഫീസർ, വിവര - പൊതുജനസമ്പർക്ക വകുപ്പ്.
www.highereducation.kerala.gov.in.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Copy to :

ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്
പിന്നാക്ക വിഭാഗ വികസന വകുപ്പ്